**'ഭരണഭാഷ മാതൃഭാഷ'**

DWCD/123/2022-D1

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി : **05/04/2022**
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ നമ്പർ:0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - ഡയറക്ടറേറ്റ് - കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നത് - സ്വീകരിക്കേണ്ട നടപടികൾ - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

പരാമർശം: 1. സർക്കാരിന്റെ 8/4/21 തീയതിയിലെ സാനീവ.ബി.1/109/2017 നമ്പർ കത്ത്.
2. ANERT-TECH-55/2020-D-7 ന്റെ 14.5.2020 ലെ Guideline.

വനിത ശിശു വികസന വകുപ്പിന് കീഴിൽ സ്വന്തമായി ഔദ്യോഗിക വാഹനമില്ലാത്ത (ICPS, നിർഭയ, DCPU, ഡയറക്ടറേറ്റിലെ കരാർ വാഹനം ഒഴികെ ), നിലവിലെ കരാർ വാഹനത്തിന്റെ കാലാവധി 2022 ഏപ്രിൽ മാസത്തിൽ അവസാനിക്കുന്ന കീഴ്ക്കാര്യാലയങ്ങളിൽ കരാർ തിയതി മുതൽ അടുത്ത ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു. ഔദ്യോഗിക വാഹനം ഉപയോഗശൂന്യമാകുകയും കണ്ടം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്ന കാര്യാലയങ്ങൾ പ്രസ്തുത നടപടി പൂർത്തീകരിച്ചതിന് ശേഷം മാത്രമേ കരാർ വാഹനത്തിന് ടെണ്ടർ ക്ഷണിക്കാൻ പാടുള്ളൂ. ടെണ്ടർ നടപടികൾ 2022 ഏപ്രിൽ 30 മുമ്പായി പൂർത്തീകരിച്ച് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. വാഹന കരാർ കലാവധി ഇനിയും ദീർഘിപ്പിച്ച് നൽകുന്നതല്ല.

ഡ്രൈവർ തസ്തിക നിലവിലുള്ള, വാഹനം കണ്ടം ചെയ്തിട്ടുള്ള ICDS, പ്രോഗ്രാം ഓഫീസ് എന്നിവിടങ്ങളിൽ സൂചന (2) പ്രകാരം ANERT മുഖേന ഇലക്ട്രിക് വാഹനം dry lease വ്യവസ്ഥയിൽ മാത്രം എടുക്കേണ്ടതാണ്. പുതിയ ടെണ്ടർ വിളിച്ച് അംഗീകാരത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിലെ പോരായ്മകൾ കാരണം ടെണ്ടർ നിരസിക്കേണ്ടി വരുന്നതും റീ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കേണ്ടി വരുന്നതും വളരെ അധികം സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടാവുകയും ആയത് ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പുതിയ ടെണ്ടർ ക്ഷണിച്ച് അംഗീകാരം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കണം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടത്.
2. ടെണ്ടർ ഫോമിന്റെ വില (ടെണ്ടർ തുകയുടെ 0.2% ത്തെ 100 ന്റെ അടുത്ത ഗുണിതമായി നിജപ്പെടുത്തിയ തുക), ടെണ്ടർ ഫോം വിൽപ്പന നടത്തുന്ന തീയതി,

സ്വീകരിക്കുന്ന തീയതി, സമയം, ടെണ്ടർ തുക, ഇ.എം.ഡി (1%) സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കൽ (5%), 200/-രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കൽ തുടങ്ങിയ നിബന്ധനകൾ വിവരിച്ചിട്ടുള്ള ക്വട്ടേഷൻ നോട്ടീസ് നിർബന്ധമായും പ്രസിദ്ധപ്പെടുത്തേണ്ടതും ആയതിന് വ്യാപക പരസ്യം നൽകേണ്ടതുമാണ്.

3. ടെണ്ടററർക്ക് ടെണ്ടറുകൾ സമർപ്പിക്കുന്നതിന് മതിയായ സമയം നൽകേണ്ടതാണ്. ആയത് കൊട്ടേഷൻ നോട്ടീസ് തീയതിക്ക് ശേഷം കുറഞ്ഞത് 15 ദിവസമെങ്കിലും നൽകിയിരിക്കണം.
4. എല്ലാ കാര്യാലയങ്ങളിലും KFC form 15 chapter VII പ്രകാരമുള്ള ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
5. ടെണ്ടർ ഫോം വിറ്റതിന്റെ ചെലാൻ പകർപ്പ് ഹാജരാക്കേണ്ടതാണ്.
6. എല്ലാ ടെണ്ടറുകൾക്കും ഒപ്പം EMD ഉണ്ടായിരിക്കേണ്ടതാണ്. (കോപ്പി EMD ഇല്ലാത്ത ടെണ്ടറുകൾ അംഗീകാരത്തിനായി അയയ്ക്കേണ്ടതില്ല. )
7. മിനിമം ടെണ്ടറുകൾ ഉണ്ടായിരിക്കേണ്ടതാണ്.
8. ടെണ്ടർ ഫോമിൽ എഴുതി ചേർക്കേണ്ട ഭാഗങ്ങൾ കരാറുകാരനും ബന്ധപ്പെട്ട ആഫീസറും പൂരിപ്പിച്ചിരിക്കേണ്ടതാണ്.
9. കവറുകളുടെ പുറത്ത് ടെണ്ടർ സ്വീകരിച്ച തീയതി, സമയം, ടെണ്ടർ തുറന്ന തീയതി സമയം ഇവ രേഖപ്പെടുത്തി ഓഫീസർ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
10. വാഹനത്തിന്റെ RC Book, Permit, Insurance തുടങ്ങിയ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.
11. ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ള വാഹനമായിരിക്കണം. അല്ലാത്തവ നിരസിക്കേണ്ടതാണ്.
12. ടെണ്ടറിനോടൊപ്പം മുദ്ര പത്രം വാങ്ങേണ്ടതില്ല. ടെണ്ടർ അംഗീകരിച്ച് ലഭിച്ചതിന് ശേഷം മാത്രം കരാറുകാരൻ വാങ്ങി നൽകുന്ന 200/- രൂപയുടെ മുദ്രപത്രത്തിൽ കാര്യാലയ മേധാവി തയ്യാറാക്കി നൽകുന്ന എഗ്രിമെന്റ് കരാറുകാരനെ കൊണ്ട് വാഹനം ഉപയോഗിച്ചു തുടങ്ങുന്ന തീയതി എഴുതി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
13. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വ്യക്തിയുമായി നടത്തിയ നെഗോസിയേഷൻ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
14. കവറിംഗ് ലെറ്ററിൽ കാര്യാലയ മേധാവിയുടെ ശുപാർശ ഉണ്ടായിരിക്കേണ്ടതാണ്.
15. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഭേദഗതിക്കൾക്കനുസൃതമായി ടെണ്ടർ നടപടികളിലും മാറ്റം വരുത്തേണ്ടതാണ്.
16. കരാർ കാലയളവിൽ വാഹനം കരാർ എടുക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ സർക്കാർ ഉത്തരവിൽ ഭേദഗതി ഉണ്ടാകുന്ന പക്ഷം ഉടമ്പടി റദ്ദ് ചെയ്യുന്നതാണ്

ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ച് ചുവടെ പറയുന്നവ (ഒരു സെറ്റ് കോപ്പി സഹിതം) എല്ലാം ഉള്ളടക്കം ചെയ്തിട്ടുണ്ടോ എന്ന് കാര്യാലയ മേധാവി ഉറപ്പ് വരുത്തി

മാത്രമെ അയയ്ക്കുവാൻ പാടുള്ളൂ

a ടെണ്ടർ നോട്ടീസ്.

b ദിനപത്രത്തിന്റെ പേര്, പ്രസിദ്ധീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുള്ള പേപ്പർ കട്ടിംഗ്.

c കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ ടെൻഡർ ഫോം വിൽപ്പന നടത്തിയ ചെലാൻ ഡീറ്റയിൽസ്, ഇ.എം.ഡി എന്നീ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

d ലഭ്യമായ ടെണ്ടറുകൾ കവർ സഹിതം (മിനിമം 3 ടെണ്ടറുകൾ ഉണ്ടായിരിക്കേണ്ടതാണ്.

e ഇ.എം.ഡി, ചെലാൻ എന്നിവയുടെ പകർപ്പ്

f ആർ. സി ബുക്ക് , പെർമിറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ

g നെഗോസിയേഷൻ സ്റ്റേറ്റ്മെന്റ്.

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്:

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.